# 'വിചാരപ്പെടരുത്'

## ഫിലിപ്പിയർ 4:6

"ഒന്നിനെക്കുറിച്ചും വിചാരപ്പെടരുതു; എല്ലാറ്റിലും പ്രാർത്ഥനയാലും അപേക്ഷയാലും നിങ്ങളുടെ ആവശ്യങ്ങൾ സ്തോത്രത്തോടുകൂടെ ദൈവത്തോടു അറിയിക്കയത്രേ വേണ്ടതു."

ആധുനിക മനുഷ്യൻ ആശങ്കകൾക്ക് അടിമയാണ്. ആശങ്കകളിൽ നിന്നും ആകുലതകളിൽ നിന്നും മോചനം നേടാൻ മനുഷ്യൻ തന്റെ ബുദ്ധിയിൽ തന്നെ ആശ്രയിച്ചുകൊണ്ട് പല വഴികളിലേക്കും തിരിയുന്നു. ആശങ്കകളും ആകുലതകളും എല്ലാം ദൈവജനത്തെ തകർക്കുവാൻ സാത്താൻ വിദഗ്ദ്ധമായി എയ്യുന്ന കൂരമ്പുകളാണെന്ന് പലപ്പോഴും നമുക്ക് മനസിലാക്കുവാൻ കഴിയുകയില്ല. മനുഷ്യജീവിതത്തിലേക്ക് കടന്നു വരുന്ന ഈവിധ പരീക്ഷണങ്ങളെ ഒരു ദൈവപൈതൽ എങ്ങനെ അഭിമുഖീകരിക്കണം എന്ന് അപ്പൊസ്തലൻ ഈ വാക്യത്തിലൂടെ ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ ചെറുതും വലുതുമായ എല്ലാ കാര്യങ്ങളും എല്ലാ സാഹചര്യങ്ങളിലും കാരുണ്യവാനായ ദൈവത്തിന്റെ സന്നിധിയിൽ സമർപ്പിക്കുമ്പോൾ ആശങ്കകൾക്കും ആകുലതകൾക്കും നമ്മുടെ ജീവിതത്തിലേക്ക് കടന്നുവരുവാൻ ഒരിക്കലും സാധ്യമല്ല. നമ്മുടെ ആവശ്യങ്ങൾ എത്ര ഗൗരവമേറിയതോ എത്ര നിസ്സാരമോ ആയാലും നമ്മുടെ സ്വർഗീയപിതാവിന്റെ തിരുസന്നിധിയിൽ പ്രാർത്ഥനകളിലൂടെ അറിയിച്ചു കൊണ്ടിരിക്കുകയാണ് വേണ്ടത്. നമ്മുടെ സ്വന്തം കഴിവുകൾക്കും പ്രാഗത്ഭ്യങ്ങൾക്കും പൂർത്തിയാക്കുവാൻ കഴിയാത്ത കാര്യങ്ങളാണ് ജീവിതത്തിൽ പ്രതിസന്ധികൾ സൃഷ്ടിച്ച് ദൈവത്തിലുള്ള നമ്മുടെ പ്രത്യാശ നഷ്ടപ്പെടുത്തുന്ന ആകുലതകളും ആശങ്കകളും ആക്കിത്തീർക്കുന്നത്. ജീവിതത്തിന്റെ എല്ലാ കാര്യങ്ങളും സ്വർഗ്ഗീയ പിതാവിന്റെ സന്നിധിയിൽ സമർപ്പിച്ച് ദൈവം നൽകുന്ന എല്ലാറ്റിനായും കടത്തിവിടുന്ന എല്ലാ സാഹചര്യങ്ങൾക്കായും സ്തോത്രങ്ങൾ അർപ്പിച്ചു പ്രാർത്ഥിക്കുന്ന ഒരു വ്യക്തിയിൽ ആശങ്കകൾക്കോ ആകുലതകൾക്കോ സ്ഥാനമില്ല. കാരണം അവന്റെ സകല കാര്യങ്ങളും ഭരമേൽപ്പിച്ചിരിക്കുന്നത് തന്റെ ആശ്രയമായ ദൈവത്തിങ്കലാണ്.

പ്രതിസന്ധികൾക്ക് അടിമപ്പെട്ടാണോ നമ്മുടെ ജീവിതം ഇപ്പോഴും മുമ്പോട്ടു പോകുന്നത്. ഈ നിമിഷം മുതലെങ്കിലും ഏതു ജീവിതസാഹചര്യത്തിലും നമ്മുടെ ആവശ്യങ്ങളും ആകുലതകളും സ്തോത്രങ്ങളോടെ ദൈവസന്നിധിയിൽ അർപ്പിക്കുമൊ? അതിനൊക്കെയും പരിഹാരവും നമുക്ക് അവിടെനിന്ന് നേടിയെടുക്കാനാവും.

പരാമർശം :

1പത്രോസ് 5:7

അവൻ നിങ്ങൾക്കായി കരുതുന്നതാകയാൽ നിങ്ങളുടെ സകല ചിന്താകുലവും അവന്റെ മേൽ ഇട്ടുകൊൾവിൻ.

സിസ്റ്റർ. ജെയ്മി ബിജു കോതമംഗലം 06